


# തർജ്ജനി

## ജി.എഫ്.എച്ച്.എസ്.എസ്

## നാട്ടിക

## 2019 - 2020

# കഥകൾ......

## കഥയില്ലായ്മകൾ

### കുട്ടികൾക്കുമുണ്ട് ഏറേപ്പറയാൻ

സർഗ്ഗാത്മകതയിലേയ്ക്കൊരു കൈത്താങ്ങാവാൻ,എഴുതാൻ കുറുങ്ങിനിൽക്കുന്ന അക്ഷരങ്ങളെ അടുക്കിപെറുക്കി ജീവന്റെ കരസ്പർശം നൽകി ആത്മാവിന്റെ ഭാഗമാക്കാൻ കൊതിക്കുന്ന കുട്ടികളുടെ എഴുത്തുവിദ്യയെ ഉരുക്കിയെടുത്ത് പരിപാകപ്പെടുത്തണം എന്ന ചിന്തയിൽ നിന്നും ഉടലെടുത്ത ആശയമാണ് കഥയുടെ ഒരു പകൽ അവർക്കു കൊടുക്കുകയെന്നത്.അവിയൂർ ഗവൺമെന്റ് സ്കൂൾ അധ്യാപകനും കവിയും കഥാകൃത്തും നാടകപ്രവർത്തകനുമൊക്കെയായ ശ്രീ.സോമൻ ചെമ്പ്രേത്ത് എന്തുകൊണ്ടും കുട്ടികൾക്കൊപ്പം,അവരുടെ കുട്ടി മനസ്സിനോപ്പം നിൽക്കുന്ന വ്യക്തിത്വമായത് യാദൃച്ഛികമാവാം

കഥകളെ,കഥയില്ലായ്മകളെ ഇളക്കിയെടുത്ത് അക്ഷരക്കൂട്ടിലേയ്ക്ക് വിളക്കിയെടുക്കാൻ ഉത്സാഹത്തോടെ തയ്യാറായ ഓരോകുട്ടികളും അഭിനന്ദനം അർഹിക്കുന്നു.മൊട്ടുവിരിഞ്ഞ് വിടർന്ന് അഴകുള്ള പൂക്കളായി ഓരോ താളിലും സുഗന്ധം പരത്തി നിൽക്കുന്ന നാൽപ്പത് കഥകൾ...നാൽപ്പത് സർഗ്ഗസൃഷ്ടികൾ...നാൽപ്പത് കുട്ടി എഴുത്തുകാരുടെ ആത്മാഭിലാഷം.

സമർപ്പിക്കുന്നു.

കഥകൾ....

കഥയില്ലായ്മകൾ...

# ഉള്ളടക്കം


| | | |
|---|---|---|
| 1 ജലകണങ്ങൾ | കവിത | നയന 9 ബി |
| 2 കേരളം | കവിത | വിനീത 9 ബി |
| 3 നീയും ഞാനും | കവിത | ഐഷ നസ്രിൻ 9 ബി |
| 4 പ്രതീക്ഷ | കവിത | കൃഷ്ണേന്ദു 9 ബി |
| 5 നടപ്പാതകൾ | കവിത | സുഹ്റസനം 10 ബി |
| 6 കവിത | കവിത | ഉമ്മുകുൽസു 10 ബി |
| 7 പ്രകൃതി | കവിത | അക്ഷയ് എം പി 8 എ |
| 8 ഒരു അപകട കഥ | കഥ | അവന്തിക ജ്യോതി 6 |
| 9 പ്രളയം തന്ന കണ്ണീര് | കഥ | സഫിയത്ത് 8 ബി |
| 10 ഒറ്റയ്ക്കൊരു പെൺകുട്ടി | കഥ | സൽമാനുൽ ഫാരിസ് 8 എ |
| 11 കാടിനുള്ളിലെ അപകടം | കഥ | അതുല്യ എം എസ് 8 എ |
| 12 മീനുവിന്റെ ഒറ്റപ്പെടൽ | കഥ | അനാമിക 8 ബി |
| 13 ഇരുളിൻ വെളിച്ചം | കഥ | വിനീത 9 ബി |
| 14 അമ്മ | കഥ | ആതിര കൃഷ്ണ പി വി 8 B |
| 15 പെൺകുട്ടി | കഥ | റിയ പി എസ് 8 സി |
| 16 മലയാളം | കഥ | വൈഷ്ണവി വി ആർ 8 എ |

# ജലകണങ്ങൾ

ഒരു ജീവൻ പല ജീവൻ

ജനിക്കുന്നു നിന്നിലായ്

നീയിന്ന് ജീവന്റെ തുടിപ്പായുണരുന്നു

ഈ ജീവിതയാത്രയിൽ

ഞാൻ നിൻ മൃദുസ്വരം തേടുന്നു

എവിടെ നീ മറഞ്ഞിരിക്കുന്നു ജലകുംഭമേ........

കാർമേഘപാളികൾക്കിടയിലോ......?

അതോ മഴവിൽത്തുമ്പത്തോ.........?

വരിക നീയെൻ സ്വപ്നരഥത്തിലേറി

ജലകണമേ അമൃതമായ് പെയ്തിറങ്ങൂ.

നയന

9-B

# കേരളം

കേരവൃക്ഷങ്ങൾ നിറഞ്ഞതീ കേരളം

അധ്വാനത്തിലൂടെ എന്തും

നേടുമീ കേരളീയർ

പുഴയുടെ ഓരങ്ങളും

കിളിയുടെ നാദവും

കേരളത്തിന്റെ സൗന്ദര്യം

പൂക്കളുടെ നാട്ടുമീ കേരളം

ഉത്സവങ്ങളാൽ നിറഞ്ഞീടുമീ

സ്വർഗമീ കേരളം

തൃശ്ശൂർ പൂരപ്പറമ്പിലെ

ആഘോഷം എല്ലാദിക്കിലും മുഴങ്ങുന്ന

ശങ്കരാചര്യരുടെ നാടായതിനാൽ

ഞാൻ എന്നും അഭിമാനം കൊണ്ടീടുന്നു.

സ്വർഗമീ കേരളം

ഇതിന്റെ സ്വരം നാനാദിക്കും

പരന്നീടുന്നു.

നമുക്കഭിമാനിക്കാം എന്നും

കേരളത്തിന്റെ ഈ പ്രഭയാൽ

***വിനീത എൻ ജി***

***9 B***

## നീയും ഞാനും

മേഘങ്ങളിലെഴുതപ്പെട്ടത്

മഴനൂലായ് രൂപം കൊണ്ടത്.....

കറുത്ത അക്ഷരങ്ങളായ്

ഭൂമിയിലേക്ക് പതിച്ചത്......

എന്റെ സ്വപ്നത്തിലും

ജാഗരത്തിലും

ഉണർത്തു പാട്ടായ് നിന്നത്

ആദിമകാലം തൊട്ടെ

ഹൃദയത്തിലെക്കുർന്നിറങ്ങിയത്

നോവിൻ ഗാഥകളിലെല്ലാം

നിറഞ്ഞു നിന്നിരുന്നത് നീയായിരുന്നു....

നിന്നിലൂടെ പിറവിയെടുത്ത ഞാൻ

തന്നെയായിരുന്നു.......

**ഐഷ നെസ്റിൻ**

**9-B**

## പ്രതീക്ഷ

നിന്റെ കണ്ണിന്റയാഴങ്ങളിൽ
മറച്ചുവച്ച സ്നേഹത്തിന്റ പാലാഴി

ഒരൊറ്റ സ്പർശനത്തിലൂടെ
ഒരുകി യൊഴുകി എന്റെ ഹൃദയത്തിലേക്ക്

നറുങ്ങിയടർന്ന
മയിൽപ്പീലി ക്കണ്ണുകൾ
ജീവൻ വെച്ചിരിക്കുന്നു.

സർവ്വം ശുഭമയം.....
ചേതോഹരമീ
വിസ്മയക്കാഴചകൾ.....
ഇനിയും വരണ്ടുണങ്ങാത്ത
പ്രതീക്ഷതൻ
പൊൽകാഴചകൾ.......

**കൃഷ്ണേന്ദു**

**9-B**

## നടപ്പാതകൾ

എത്രയോ പാദങ്ങൾ
കടന്നുപോയൊരീ പാതയും
പറയാനുണ്ടേറെ
തന്നെ ചവിട്ടി മെതിച്ചവ
തിരക്കേറിയവ
നനുത്താർദ്രമായവ
വിതുമ്പലോടെ കടന്നു പോയവ
മന്ദമായ് ചലിക്കുന്നവ
കാലടി പാതയും
പറയാനുണ്ടേറെ

ഒരു കാലം മുഴുവൻ ഒപ്പിയെടുത്ത്
എക്കാലത്തേക്കുമുള്ള
കാത്തിരിപ്പിനൊടുവിൽ
ഏകാന്ത ധ്യാനത്തിലായവ
കരിയിലകളാൽ നാണം മറച്ച്
കാത്തിരിപ്പിനൊടുവിൽ
മോക്ഷമേകാൻ ആരാരെത്തും

**സുഹറാ സനം**

**10-B**

# കവിത

നിന്നെയെൻ ഹൃദന്ദത്തിലേറ്റിവെ
യ്ക്കുമ്പോഴെല്ലാം
എവിടേക്കാടിമറയുന്നവെൻ
കവിതേ............
എൻ പുഷ്പവാടിയിലുതിരും
പനിന്നീർപ്പൂവിൻ
മാധുര്യം നകരാതെവിടെ
മറഞ്ഞു നീ
എന്നുള്ളിലൂറുമൊരു മധുകണം
നകരാനായ്
നിന്നെ നാൻ ക്ഷണിക്കുന്നു
പ്രിയസഖീ കരുണാമയീ
എന്നെ ഞാൻ അനാവൃതമാക്കുമീ
നിമിഷത്തിൽ
കവിതപ്പെണ്ണേയെന്നിൽ ആറാടാൻ
വരിക നീ..........
ഒഴുകി പതയട്ടെ നേരിന്റെ
വഴികളിൽ
എന്നിലൂടൊഴുകുമീ നിണവും
നിന്നോടൊപ്പം.........
കവിതേ.....വരൂ നീയെൻ മാർഗ്ഗമായ്
എത്തിടട്ടെ ഞാനിന്നെൻ
ലക്ഷ്യത്തിലും.............

**ഉമ്മുകുൽസു**

**10-B**

# പ്രകൃതി

സൗന്ദര്യത്താൽ നിറഞ്ഞു നിൽക്കു

മെൻ അമ്മയാം പ്രകൃതി

വിശാലമായ പ്രകൃതിയാണ്

ജിവിതത്തിന് കുളിർമയേകുന്നത്

പക്ഷി മൃഗ ജീവജാലങ്ങൾക്ക്

കാരുണ്യമേകും പ്രകൃതി

മനുഷ്യരെ സന്തുഷ്ടരാക്കും

ശോഭാത്മകമായി നിൽക്കും പ്രകൃതി

വർണ്ണനിറങ്ങളാൽ തിളങ്ങും

നമുക്ക് ഐശ്വര്യം പ്രകൃതി.

അക്ഷയ്. എം . പി

8 A

## ഒരു അപകട കഥ

അത് ഒരു വൈകുന്നേരമായിരുന്നു. വിനുവും കൂട്ടുകാരും വെള്ളച്ചാട്ടം കാണാൻ പോയി .അവനും കൂട്ടുകാരും വെള്ളച്ചാട്ടത്തിനു മുൻപിലെത്തി . പാൽക്കുടം മറിക്കുന്നതുപോലെയുള്ള കാഴ്ച ആളുകൾ കൗതുകത്തോടെ നോക്കി നിൽക്കുകയാണ് .അതിനടുത്തേക്ക് പോകാൻ കഴിയുന്നില്ല. വെള്ളം തെറിക്കുകയാണ് പ്രദേശം ശരിയായി കഴിയുന്നില്ല . വിനു പറഞ്ഞു നീരാവി പടലങ്ങൾ നിറഞ്ഞിരിക്കുകയാണ്. ഒത്തിരിപേർ സെൽഫി എടുക്കുന്നുണ്ട്. ഒരു കൂട്ടുകാരൻ അവനോട് പറഞ്ഞു നമുക്ക് വെള്ളച്ചട്ടത്തിനടുത്ത്സെൽഫി എടുത്താലോ?
അവൻ അത് കേട്ടപ്പോൾ തന്നെ അവിടേക്ക് പോയി . അവൻ അതിൽ വഴുതി വീണു. അവന്റെ കൂട്ടുകാർക്ക് നോക്കി നിൽക്കാൻ മാത്രമേ പറ്റിയുള്ളു . പലരും അത് മൊബൈലിൽ പകർത്തി .

ഈ വിവര മറിഞ്ഞ് അവന്റെ വീട്ടുകാർ പൊട്ടിക്കരഞ്ഞു . ഇന്നും അവർ തേങ്ങലോടെയാണ് ജീവിക്കുന്നത്

അവന്തിക ജ്യോതി
6-A

# പ്രളയം തന്ന കണ്ണീര്

മഴപ്പോലെ ജ്യലിച്ചിറങ്ങിയ പ്രളയമേ,

നീ ഇന്ന് എത്ര കണ്ണീരുകൾക്ക് സാക്ഷി,

കണ്ണീർ തുളുമ്പ ജീവിത്തിൽ

നഷ്ട്ടങ്ങൾ തന്നിട്ടെങ്ങുപ്പോയി

ആരോരുമില്ലാ കിടാങ്ങൾക്ക് നീ

സങ്കട കടങ്ങൾ തരാൻ എന്തിനെത്തി

ഒരു ഉറുമ്പിനെപ്പോലും നോവിക്കാത്ത

കുഞ്ഞുങ്ങളെ ഒരു പാട്

വേദനിപ്പിച്ച് എങ്ങുപ്പോയി.........

**സഫിയത്ത്**

**8-B**

# ഒറ്റയ്ക്കൊരു പെൺകുട്ടി

മാനേജർ അവർക്ക് ഒരാഴ്ച സമയം നൽകി.പക്ഷെ അവർക്ക് പണം അടക്കാനായില്ല.ആ ദു:ഖത്തിൽ അച്ഛനും അമ്മയും ആത്മഹത്യ ചെയ്തു.ലക്ഷ്മി അനാഥയായി.അവൾ ഒറ്റയ്ക്കായി അവൾ ആത്മഹത്യക്കായി ചിന്തിച്ചു.പിന്നീട് അവൾ ചിന്തിച്ച തീരുമാനമെടുത്തു.അവൾ സ്കൂളിൽ പോകാൻ തുടങ്ങി.അങ്ങനെ അവൾ പഠിച്ച് ഒരു ടീച്ചറായി.അവൾ കുട്ടികൾക്ക് ഈ കഥ പറഞ്ഞു കൊടുത്തു.അവളുടെ കണ്ണിൽ നിന്ന് കണ്ണുനീർ വന്നു.എത്ര തുടച്ചാലും മായാത്ത ഓർമ്മകൾ.അവളുടെ മനസ്സിൽ ഒരു നദിയെ പോലെ ഒഴുകി നടന്നു.എത്ര മായ്ച്ചാലും മായാത്ത ഒരു മായാ കാഴ്ചയാണ് ലക്ഷ്മിയുടേത്.അവൾ എന്നും അമ്മയുടെയും അച്ഛന്റെയും ആത്മശാന്തിക്ക് വേണ്ടി പ്രാർത്ഥിക്കുമായിരുന്നു.അമ്മയും അച്ഛനും ഇല്ലാത്തവരെ കണ്ടാൽ നമ്മൾ സ്നേഹിക്കരുത്.അവർക്ക് അത് വിഷമമാകും.ഇത് നമ്മൾ എല്ലാവർക്കും ഒരു പാഠമാകട്ടെ.

സൽമാനുൽ ഫാരിസ്

VII-A

# കാടിനുള്ളിലെ അപകടം

***ഞാ***നും കൂട്ടുകാരനും കൂടി വഴിയറിയാതെ ഒരു കാട്ടിൽ അകപ്പെട്ടു.ഞങ്ങളുടെ കൈയ്യിലെ വെള്ളം തീർന്നു.ഞങ്ങൾ വെള്ളം തെരഞ്ഞു നടന്നു.അവസാനം ഒരു നീർച്ചാല്  കണ്ടു.കുപ്പിയിൽ വെള്ളം നിറയ്ക്കുന്ന സമയത്ത് ഒരു ശബ്ദം കേട്ടു. അടുത്തുള്ള കുറ്റിക്കാട്ടിലേക്ക് ഓടി.നിന്നിരുന്ന സ്ഥലത്ത് ഒരു വലിയ കാട്ടാനയായിരുന്നു.അത് അവിടെ വെള്ളം കുടിക്കാൻ വന്നതാണ് എന്ന്  തോന്നി.അവിടെ ഒരാൾ കാട്ടാനയുടെ അടുത്ത് നിൽക്കുകയായിരുന്നു.അയാൾ ആ കാട്ടാനയെ കണ്ടിരുന്നില്ല.ഞങ്ങൾ അയാളോട് മാറുവാൻ പറഞ്ഞു. അയാൾ അത് കൗതുകത്തോടെ നോക്കി ഒരു സെൽഫി എടുത്തു.ആന അയാളുടെ നേർക്ക് തിരിഞ്ഞു.അയാൾ ഫോൺ അവിടെ ഇട്ടിട്ട് ഓടി.ആന അയാളെ ചവിട്ടി കൊന്നു.കുറച്ച് നടന്നപ്പോൾ അവിടെ ഒരു വീട് കണ്ടു.അത് ഇയാളുടെ വീടായിരുന്നു.ഞങ്ങൾ നടന്ന സംഭവങ്ങൾ പറഞ്ഞു.അയാളുടെ കുടുംബം ഇപ്പോഴും തേങ്ങി കരഞ്ഞു ജീവിക്കുന്നു.

അതുല്യ എം.എസ്.

8 A

# മീനുവിന്റെ ഒറ്റപെടൽ

മീനു സ്കൂളിൽ എത്തിയപ്പോഴേക്കും നേരം രാത്രിയായി . അവൾ പേടിച്ച് വിറച്ച് വീട്ടിലേക്ക് നടന്നു പോകുന്നതിനിടയിൽ ഒരു മിന്നാമിനുങ്ങ് അവളുടെ മുന്നിൽ വന്നത്.വെളിച്ചം നൽകാൻ ഒരു തെരുവിളക്ക് പോലും ഇല്ലാത്ത നേരത്താണ് മിന്നാമിനുങ്ങ് അവളുടെ മുന്നിൽ വന്നത്.അതിനെ അവൾക്ക് വളരെ ഇഷ്ടമായിരുന്നു.അവൾ മിന്നാമിനുങ്ങിന്റെ പിന്നാലെ ഓടിപ്പോയി.അവസാനം അവൾ ഒരു വനത്തിൽ എത്തി.മിന്നാമിനുങ്ങുകൾ പറന്നു പോയി.കൂരാകൂരിരുട്ട് മൃഗങ്ങളുടെ ശബ്ദങ്ങളും ആഞ്ഞു വീശുന്ന കാറ്റും അവൾക്ക് വല്ലാതെ ഭയം തോന്നി.നേരം വെളുത്തതിനു ശേഷം അവൾ അനാഥാലയത്തിൽ ടീച്ചർമാരെ കണ്ടു. അനാഥാലയത്തിലെ ടീച്ചർമാർ അവളുടെ വിവരങ്ങളെല്ലാം അന്വേഷിച്ച അവർ അവളെ അനാഥാലയത്തിലേക്ക് ദത്തെടുത്തു . അപരിചിതമല്ലാത്ത ടീച്ചർമാരും കുട്ടികളും അമ്മയെ കണാതെ അവൾക്ക് വളരെ വിഷമം തോന്നി .അങ്ങനെ 8 വയസ്സുള്ള മീനുവും അവിടത്തെ ഒരു അനാഥക്കുട്ടിയായി.

ഷഹന പി എസ്
VII-A

# ഇരുളിൻ വെളിച്ചം

സമൂഹത്തിന്റെ ഈ അന്ധകാരത്തിന്റെ ഓരോ പെൺകുട്ടിയുടേയും ഓരോ ദിനങ്ങൾ എങ്ങനെയുള്ളതാവും എന്ന് നാം എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഇരുട്ടിന്റെ നിലാവ് നമുക്ക്ആനന്ദമേകുമ്പോൾ അവർക്കത് നിസ്വാർത്ഥതയുടെ ദിനങ്ങളായി മാറുന്നു.പഴമക്കാർ കുട്ടികളെ ഒത്തൊരുമയോടെ കളിക്കാൻ വിടുമ്പോൾ, ഇളംനീലാകാശത്തിന്റെ അനന്തമായ വിഹായസ്സിലൂടെയും പച്ചില പുതപ്പിച്ച ഭൂമിയുടെ സൗരഭ്യത്തിലൂടെയും സഞ്ചരിക്കാനുള്ള അവളുടെ ഈ അഭിനിവേശത്തെ നാം എന്തിന് തടങ്കലിലിടുന്നു. അമ്മയുടെ തണലിൽ നിന്ന് ആശ്രയിച്ച് സ്വന്തം തണലിൽ നിൽക്കാൻ അവൾ ശ്രമിക്കുമ്പോൾ

പൈശാചികയോടുള്ള മനുഷ്യർ അതിനു തടസ്സമായി മാറുന്നു. ഈ ലോകം എന്താണ്?സത്യം എന്താണ് എന്നറിയാൻ അവൾക്ക് സാധിക്കുന്നില്ല. ഇരുണ്ട മേഘത്താൽ ഉണ്ടാകുന്ന പേമാരി പോലെ പെൺകുട്ടികളോടുള്ള അനീതികൾ ജനിക്കുകയും , മായുകയും ചെയ്യുന്നു. ആ നീചമായ പ്രളയത്തിൽ അവൾ മുങ്ങിപ്പോകുന്നു. അവിടെ അവൾക്കായി ഒരു തോണി എത്തുമെന്ന് അവൾ കരുതുന്നു. പക്ഷെ, അതൊരു തങ്ങി നിൽക്കുന്ന ആഗ്രഹമായി അവിടെത്തന്നെ നിലകൊള്ളുന്നു. ഈ വെള്ളപ്പാച്ചിലിൽ ചിലപ്പോൾ മുങ്ങാം. പക്ഷേ ചെറിയൊരു കമ്പിൻ കഷണം കിട്ടിയാൽ അതിൽ പിടിച്ച് കയറാൻ ചിലപ്പോളവൾക്ക് സാധിച്ചേക്കും. ഒരു മരം പോലെയാണ് ഓരോ പെൺകുട്ടിയും. ഒരു വിത്തിൽനിന്നുണ്ടായി, ശരിയായ പരിചരണത്താലും ശുശ്രൂഷയാലും ചെടിയായി മാറി പിന്നീട് മരമായി പിന്നീട് പൂക്കളും കായ്കളും കായ്ച്ച് , അതങ്ങനെ വളരും. ചിലപ്പോൾ അതിന് മറ്റുള്ളവരുടെ തണലായി മാറേണ്ടി വന്നേക്കാം. ആ തണലിൽ മറ്റുള്ളവർക്ക് ആശ്വാസമേകാൻ അവൾക്ക് കഴിയും. ചിലപ്പോൾ ഇതൊന്നുമാകാതെ ശരിയായ പരിചരണം ലഭിക്കാതെ ആർക്കുവേണ്ടി? എന്തിനുവേണ്ടി? എന്നറിയാതെ അവൾകരഞ്ഞുപോയേക്കാം.പക്ഷികൾ ചിറകിട്ടടിക്കുമ്പോൾ, ദൂരേക്ക് അനന്തതയിലേക്ക് മാഞ്ഞു പോകുമ്പോൾ അതിനൊപ്പമെത്താൻ ആ പിഞ്ചുമനസ്സ് വിതുമ്പുന്നു. പക്ഷേ അതിന്റെ ഈ വിജയത്തിൽ ക്രോധവാനാകുന്ന പിശാചുക്കൾ അതിനെ കെണിയിലാക്കുന്നു. അതിനെ കൂട്ടിൽ തളയ്ക്കുന്നു. പലതവണ അവൾ അതിനെ തകർത്ത് ഭേദിക്കാൻ ശ്രമിക്കുന്നു. കഠിനമായ പരിശ്രമത്തിനൊടുവിൽ അവൾ എല്ലാ കടമ്പകളും മറികടന്ന് ആകാശത്തിന്റെ വിദൂരതയിലേക്ക് പറന്നടുക്കുന്നു.

വിനീത എൻ ജി
IX-B

# അമ്മ

രണ്ടക്ഷരത്തിൽ തുടങ്ങുന്ന

നീയിന്ന് ജീവിതത്തിൻ

പൊരുളായി മാറുന്നു.

അമ്മയാണെന്നുമെൻ ജീവൻ

അമ്മയാണെന്നുമെൻ സ്നേഹം

അമ്മതൻ കൈപിടിച്ചീടുന്ന

നേരത്തെന്നുള്ളിൽലൊട്ടുമേ ഭയമില്ല

അമ്മതൻ സ്വപ്നത്തിൽ

ഞാൻ നടന്നീടുന്നപോൽ

എന്നുള്ളിലെന്നും നിറവാർന്ന്

ര്രുപമായെന്നും എന്നമ്മയിരിപ്പൂ..........


***ആതിരകൃഷ്ണ. പി. വി***

8 C

# *പെൺകുട്ടി*

അതെ അവൾ ആ നിശബ്ദമായ സ്ഥലത്ത് ഒറ്റയ്ക്ക് . അവളുടെ അച്ഛൻ അവൾക്ക് മൂന്ന് വയസ്സായപ്പോഴും,അമ്മ അഞ്ച് വയസ്സായപ്പോഴും മരിച്ചുപോയി. ബന്ധുക്കളുണ്ടെങ്കിലും അവർ അവളെ നോക്കില്ല. അങ്ങനെ ഒരു ദിവസം രാത്രിയിൽ ആരോ വന്ന് വാതിലിൽ മുട്ടി .അവൾ ജനലിലൂടെ നോക്കി ആരേയും കണ്ടില്ല.വിണ്ടും മുട്ടി അവൾ വാതിൽ തുറന്നു.മൂന്ന് പേർ മുഖം മൂടി അവളുടെ മുന്നിൽ നിൽക്കുന്നു.അവൾ പേടിച്ചു. അമ്മേ എന്നു ഉറക്കെ വിളിച്ചു. എന്തു ചെയ്യാൻ അമ്മയുമില്ല, അച്ഛനുമില്ല. അവർ അവളെ പിടിച്ചു കെട്ടി കൊണ്ടുപോയി. ആ മൂന്ന് കൊലയാളികൾ അവളെ ഏതോ ഒരു ഇരുട്ടുള്ള സ്ഥലത്ത് കൊണ്ടു പോയി കൊന്നൊടുക്കി.

റിയ പി . എസ്
8 C

# *മലയാളം*

ഞ്ഞ മൊഴി ഭാഷയാണ് എൻ മാതാവ്.
ആദ്യക്ഷരം പകർന്നിട്ടുമെൻ
പ്രകൃതി മാതാവ്.
ഹരിതമാം പ്രകൃതി തൻ -
സ്നേഹ വാത്സല്യം
നുകർന്നിടും നേരമെൻ നാവിലെ -
ത്തുന്ന ഭാഷ മലയാളം.
സൂര്യകാന്തി ഏൽക്കുന്ന
പൊൻ തിളക്കാമാണെൻ മലയാളം.
അമ്മയൊടൊന്നു കൊഞ്ചുവാനും
കൊച്ചനുജനോടൊന്നു
ഭാഷ മലയാളം.
മഴവില്ലായി മഴക്കാറായി എൻ നാവിൻ
തുമ്പത്തെത്തും മലയാളം.
അക്ഷയപാത്രമയി വന്നിടും
വാക്കു മലയാളം.
തുമ്പതൻ ഭംഗി ആശ്ചര്യത്തി -
ൻ വക്കിൽ ഓണത്തേ വരവേൽക്കും മലയാളം.
ആദ്യാക്ഷരമായ് നാവിൽ വരക്കുന്ന
ഭാഷ മലയാളം.

വൈഷ്ണവി . വി. ആർ
9 C